# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 27-01-2015

# പൊതുപരീക്ഷകൾ താളംതെറ്റിക്കാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണം

**- കെഎസ്ടിഎ**

ചിരകാലമായി വളരെ ചിട്ടയോടുകൂടി നടത്തിവന്നിരുന്ന എസ്എസ്എൽസി, എൽഎസ്എസ്/യുഎസ്എസ് പരീക്ഷകൾ അവതാളത്തിലാക്കാനുള്ള നീക്കം സർക്കാർ ഉപേക്ഷിക്കണമെന്ന് കെഎസ്ടിഎ സംസ്ഥാന കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടു.

ഈ വർഷം എസ്എസ്എൽസി പരീക്ഷ എഴുതുന്ന കുട്ടികളുടെ വിവരശഖരണം തുടക്കത്തിലേ അവതാളത്തിലായിരിക്കുകയാണ്. മുൻ വർഷങ്ങളിൽ പരീക്ഷാഭവന്റെ വെബ്സൈറ്റിലേക്ക് കുട്ടികളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്ന പ്രവൃത്തി ഡിസംബർ മാസത്തിൽ പൂർത്തിയാക്കി തെറ്റുകൾ തിരുത്തുന്നതിന് അവസരം നൽകിയിരുന്നു. വിദ്യാഭ്യാസവകുപ്പിന്റെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഫലമായി കഴിഞ്ഞ ദിവസമാണ് വെബ്സൈറ്റ്പോലും ഓപ്പണായത്. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വിദ്യാലയങ്ങൾക്കും സൈറ്റിൽ കയറാൻപോലുമായിട്ടില്ല. സൈറ്റിൽ പ്രവേശിപ്പിക്കാൻ കഴിഞ്ഞവരുടെ ഡാറ്റകളാവട്ടെ പരസ്പരം മാറിയ നിലയിലുമാണ്. എസ് സി/എസ്ടി കുട്ടികൾ ജനറൽ കാറ്റഗറിയിലും ജനറൽ കാറ്റഗറിയിലെ കുട്ടികൾ എസ്സി/എസ്ടി വിഭാഗത്തിലും പെട്ടിരിക്കുന്നു. മാത്രമല്ല, കുട്ടികളുടെ സ്ഥലം, പിൻകോഡ് എന്നിവയൊക്കെ മാറിയിരിക്കുന്നു. മാതൃഭാഷയിൽ കുട്ടികളുടെ പേരില്ല. ഓപ്പൺ ആകാത്ത വെബ്സൈറ്റിൽ ജനുവരി 29 ന് മുമ്പേ കുട്ടികളുടെ വിവരങ്ങൾ പരിശോധിച്ച് നൽകണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. നാലരലക്ഷം കുട്ടികളുടെ ഭാവി അപകടത്തിലാക്കുന്ന അനാസ്ഥ സർക്കാർ അടിയന്തിരമായി അവസാനിപ്പിക്കണം.

എൽഎസ്എസ്/യുഎസ്എസ് പരീക്ഷാ നടത്തിപ്പിനായി അധ്യാപകരെ മറ്റ് ജില്ലകളിലേക്കും വിദൂര സ്ഥലങ്ങളിലേക്കും നിയോഗിക്കുന്നത് കടുത്ത ദ്രോഹമാണ്.

സർക്കാരിന്റെ ഇത്തരം തുഗ്ലക് പരിഷ്കാരങ്ങൾ ഉപേക്ഷിച്ച് പൊതുപരീക്ഷകളുടെ നടത്തിപ്പ് സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കെഎസ്ടിഎ ജനറൽ സെക്രട്ടറി ഏ കെ ഉണ്ണികൃഷ്ണൻ ആവശ്യപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി